സൂറഃ-7

# അൽ അഅ്റാഫ്

قَالُوٓاْ أَجِئْتَنَا لِنَعْبُدَ ٱللَّهَ وَحْدَهُۥ وَنَذَرَ مَا كَانَ يَعْبُدُ ءَابَآؤُنَا ۖ فَأْتِنَا بِمَا
تَعِدُنَآ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٧٠﴾

قَالَ قَدْ وَقَعَ عَلَيْكُم مِّن رَّبِّكُمْ رِجْسٌ وَغَضَبٌ ۖ أَتُجَـٰدِلُونَنِى فِىٓ أَسْمَآءٍ
سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّا نَزَّلَ ٱللَّهُ بِهَا مِن سُلْطَـٰنٍ ۚ فَٱنتَظِرُوٓاْ إِنِّى
مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿٧١﴾

فَأَنجَيْنَـٰهُ وَٱلَّذِينَ مَعَهُۥ بِرَحْمَةٍ مِّنَّا وَقَطَعْنَا دَابِرَ ٱلَّذِينَ كَذَّبُواْ بِـَٔايَـٰتِنَا ۖ
وَمَا كَانُواْ مُؤْمِنِينَ ﴿٧٢﴾

**70.** ആദ് സമുദായം പ്രവാചകൻ ഹൂദിനോട് ചോദിച്ചു: അല്ലാഹു ഒരുവന്നു മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യാനും പൂർവ പിതാക്കൾ ആരാധിച്ചുവന്ന ദൈവങ്ങളെ വെടിയാനുമാണോ നീ വന്നിരിക്കുന്നത്? ശരി, നീ പറയുന്നത് സത്യമാണെങ്കിൽ ഞങ്ങളെ ഭീഷണിപ്പെടുത്തുന്ന ആ ദൈവശിക്ഷയൊന്നിങ്ങു കൊണ്ടുവന്നാട്ടെ!

**71.** അദ്ദേഹം പറഞ്ഞു: വിധാതാവിങ്കൽനിന്നുള്ള ശാപവും കോപവും നിങ്ങളിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചുതരാതെ, നിങ്ങളും നിങ്ങളുടെ പിതാക്കളും വിളിച്ച കുറേ പേരുകളെച്ചൊല്ലി എന്നോട് തർക്കിക്കുകയാണോ? എങ്കിൽ കാത്തിരുന്നു കൊള്ളുവിൻ. ഞാനും കാത്തിരിക്കാം, നിങ്ങളോടൊപ്പം.

**72.** ഒടുവിൽ അദ്ദേഹത്തെയും കൂട്ടുകാരെയും നാം കാരുണ്യത്തോടെ രക്ഷിച്ചു. നമ്മുടെ ദൃഷ്ടാന്തങ്ങൾ തള്ളിപ്പറഞ്ഞവരുടെ മുരടറുത്തുകളയുകയും ചെയ്തു. അവർ ഒരിക്കലും വിശ്വസിക്കുന്നവരായിരുന്നില്ല.

قَالُوٓاْ = അവർ (ആദ് സമുദായം പ്രവാചകൻ ഹൂദിനോട്) പറഞ്ഞു (ചോദിച്ചു)   أَجِئْتَنَا = നീ ഞങ്ങളിൽ വന്നിരിക്കുന്നത് ആണോ

لِنَعْبُدَ ٱللَّهَ = ഞങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യാൻ   وَحْدَهُۥ = അവൻ ഒരുവന്ന് (മാത്രം)   وَنَذَرَ = ഞങ്ങൾ വെടിയാനും

مَا كَانَ يَعْبُدُ = ഇബാദത്ത് ചെയ്തിരുന്നതിനെ(ദൈവങ്ങളെ)   ءَابَآؤُنَا = ഞങ്ങളുടെ പൂർവപിതാക്കൾ

فَأْتِنَا = (എങ്കിൽ) ശരി, നീ കൊണ്ടുവരിക (ഒന്നിങ്ങ് കൊണ്ടുവന്നാട്ടെ)

بِمَا تَعِدُنَآ = നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്നത് (ദൈവശിക്ഷ)   إِن كُنتَ = നീ ആണെങ്കിൽ

مِنَ ٱلصَّـٰدِقِينَ = സത്യവാന്മാരിൽ പെട്ടവൻ (പറയുന്നത് സത്യമാണെങ്കിൽ)   قَالَ = അദ്ദേഹം പറഞ്ഞു

قَدْ وَقَعَ = തീർച്ചയായും സംഭവിച്ചു കഴിഞ്ഞിരിക്കുന്നു عَلَيْكُم = നിങ്ങളുടെ മേൽ

مِّن رَّبِّكُمْ = നിങ്ങളുടെ വിധാതാവിങ്കൽനിന്ന് رِجْسٌ = മാലിന്യം, ശാപം, ശിക്ഷ وَغَضَبٌ = കോപവും

أَتُجَادِلُونَنِي = നിങ്ങൾ എന്നോട് തർക്കിക്കുകയാണോ فِىٓ أَسْمَآءٍ = (കുറേ)പേരുകളിൽ(കളെച്ചൊല്ലി)

سَمَّيْتُمُوهَآ = (വിളിച്ച) ആ പേരുകളെ നിങ്ങൾ പേരുവെച്ചു أَنتُمْ = നിങ്ങൾ (സ്വന്തം നിലയിൽ)

وَءَابَآؤُكُم = നിങ്ങളുടെ പൂർവപിതാക്കളും مَّا نَزَّلَ ٱللَّهُ = (ാതെ) അല്ലാഹു അവതരിപ്പിച്ചിട്ടില്ല بِهَا = അതിന്

مِن سُلْطَٰنٍ = യാതൊരു പ്രമാണവും فَٱنتَظِرُوٓا۟ = നിങ്ങൾ കാത്തിരിക്കുവിൻ إِنِّى = (നും) തീർച്ചയായും ഞാൻ

مَعَكُم = നിങ്ങളോടൊപ്പം مِّنَ ٱلْمُنتَظِرِينَ = (കാത്തിരിക്കാം) കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു

فَأَنجَيْنَٰهُ = അങ്ങനെ (ഒടുവിൽ) നാം അദ്ദേഹത്തെ രക്ഷിച്ചു وَٱلَّذِينَ مَعَهُۥ = അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും

بِرَحْمَةٍ = കാരുണ്യത്തോടെ, കാരുണ്യം കൊണ്ട് مِّنَّا = നമ്മിൽനിന്നുള്ള وَقَطَعْنَا = (അറുത്തുകളഞ്ഞു) നാം മുറിച്ചു

دَابِرَ ٱلَّذِينَ كَذَّبُوا۟ = തള്ളിപ്പറഞ്ഞവരുടെ മുരട് بِـَٔايَٰتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളെ وَمَا كَانُوا۟ = അവർ ആയിരുന്നില്ല

مُؤْمِنِينَ = (ഒരിക്കലും) വിശ്വസിക്കുന്നവർ

**70:** അധർമത്തിലാണ്ടുപോയ ആദ്ജനതക്ക് ഹൂദ് നബിയോടും അദ്ദേഹത്തിന്റെ പ്രബോധനത്തോടുമുണ്ടായ രോഷവും പരിഹാസവും സ്ഫുരിക്കുന്നതാണീ ചോദ്യം. താൽപര്യമിതാണ്: പ്രവാചകനായി ചമഞ്ഞ് വന്ന് വല്ലതുമൊക്കെ വിളിച്ചു പറഞ്ഞാൽ അല്ലാഹു ഒരുവനൊഴിച്ച് ഞങ്ങളുടെ പൂർവികർ പാരമ്പര്യമായി ആരാധിച്ചുവരുന്ന ദൈവങ്ങളെയൊക്കെ ഞങ്ങളങ്ങ് കൈവെടിയുമെന്നാണോ നിന്റെ വിചാരം? അങ്ങനെ ആരെങ്കിലും എന്തെങ്കിലുമൊക്കെ വിളിച്ചു പറയുന്നത് കേട്ടാൽ ഉടനെ മുറിച്ചുകളയാൻ മാത്രം വില കെട്ടതോ ദുർബലമോ അല്ല നമ്മുടെ മഹത്തായ പൈതൃകങ്ങൾ. നമ്മുടെ യശസ്സിന്റെയും ഐശ്വര്യത്തിന്റെയും ആധാരമാണത്. നിലനിൽക്കാനാഗ്രഹവും പൂർവികരോടാദരവുമുള്ളവർ സ്വന്തം പൈതൃകങ്ങൾ സംരക്ഷിക്കാനും പോഷിപ്പിക്കാനുമാണ് ശ്രമിക്കേണ്ടത്. നല്ലൊരു തറവാട്ടിലംഗമായ നീ ഏർപ്പെടേണ്ടത് പാരമ്പര്യം നിലനിർത്താനും വളർത്താനുമായിരുന്നു. ആ നീ അതിന്റെയൊക്കെ അന്തകനായി രംഗപ്രവേശം ചെയ്യുകയോ! എങ്കിൽ അക്കാര്യത്തിൽ നിന്നോട് ചേരാൻ ഞങ്ങളെ കിട്ടുമെന്ന പൂതി വേണ്ട.

അല്ലാഹു എന്ന സാക്ഷാൽ ദൈവത്തെ, അവന്റെ ഏകത്വത്തെ ആദ്ജനത നിഷേധിച്ചിരുന്നില്ല എന്ന് ഈ പ്രതികരണം സൂചിപ്പിക്കുന്നു. അല്ലാഹുവിനെ നിഷേധിക്കുന്നവരായിരുന്നുവെങ്കിൽ, അല്ലാഹുവെന്ന ഒരു ദൈവത്തിൽ വിശ്വസിക്കാനും ഇതര ദൈവങ്ങളെയെല്ലാം നിഷേധിക്കാനുമാണോ നീ വന്നത് എന്നാകുമായിരുന്നു അവരുടെ ചോദ്യം. ഇബാദത്ത് അല്ലാഹുവിന് മാത്രമേ ചെയ്യാവൂ എന്ന ആശയത്തെയാണ് ഇവിടെ അവർ നിഷേധിക്കുന്നത്. ഇന്നത്തെ ബഹുദൈവവിശ്വാസികളെപ്പോലെ എല്ലാറ്റിനും മീതെ ഏകനായ ഒരു പരമേശ്വരനുണ്ടെന്ന് അവർ സമ്മതിച്ചിരുന്നു. എന്നാൽ മനുഷ്യർ ആരാധിച്ച് പ്രീതിപ്പെടുത്തേണ്ടത് അവരവരുടെ ദൈവങ്ങളെയാണ്; അവരാണ് നമുക്ക് ശക്തിയും ഐശ്വര്യവും പ്രദാനം ചെയ്യുന്നതും ആപത്തുകളിൽനിന്ന് കാക്കുന്നതും ആവശ്യങ്ങൾ നിവർത്തിച്ചുതരുന്നതും. ആ കുലദൈവങ്ങളെയൊക്കെ വർജിച്ച് ഒരൊറ്റ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അവന്റെ ശാസനകളെന്ന പേരിൽ നീ അവതരിപ്പിക്കുന്ന നിയമങ്ങൾ അനുസരിക്കണമെന്നും ഇല്ലെങ്കിൽ ഞങ്ങളൊക്കെ ദൈവകോപത്തിനിരയാകുമെന്നും ഭീഷണിപ്പെടുത്തുകയാണല്ലോ നീ? അത് സത്യമാണെങ്കിൽ, നീ പറഞ്ഞ ആ ദൈവികശിക്ഷയൊന്നിങ്ങ് വരുത്തിയാട്ടെ. അത് കണ്ടു കഴിഞ്ഞാൽ നീ പറയുന്നതൊക്കെ ഞങ്ങൾ വിശ്വസിച്ചുകൊള്ളാം. ഇതായിരുന്നു അവരുടെ നിലപാട്.

**71:** മലിനം, മ്ലേഛം എന്നാണ് رجس-ന്റെ മൗലികമായ അർഥം. ആശയപരമായ മാലിന്യത്തെയും പദാർഥപരമായ മാലിന്യത്തെയും അതുകൊണ്ടുദ്ദേശിക്കാം. ഈ അർഥത്തിൽ ശാപവും ശകാരവും ആക്ഷേപവുമൊക്കെ رجس ആകുന്നു. رجز - ശിക്ഷ, ദോഷം എന്ന അർഥത്തിലും رجس ഉപയോഗിക്കും. ആദ്യത്തെ അർഥം സ്വീകരിച്ചുകൊണ്ടാണ് ഇവിടെ 'ശാപം' എന്ന് തർജമ ചെയ്തിരിക്കുന്നത്.

'ശിക്ഷ' എന്നും ചിലർ അർഥം കൽപിച്ചിട്ടുണ്ട്. അപ്പോൾ ഒരു ചോദ്യമുയരുന്നു: ശിക്ഷ ഭാവിയിൽ സംഭവിക്കാനിരിക്കുന്നതല്ലേയുള്ളൂ. അപ്പോൾ ഹൂദ്(അ) നിങ്ങളുടെ മേൽ ദൈവകോപവും ശിക്ഷയും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞതിനെന്തു ന്യായം? അതിന് നൽകപ്പെടുന്ന മറുപടിയിതാണ്: ആദ്ജനത യാതൊരു നിലക്കും സത്യം സ്വീകരിക്കാൻ തായാറല്ല എന്ന് ബോധ്യമായതോടെ അവരുടെ മേൽ അല്ലാഹുവിന്റെ ശിക്ഷ ഭവിക്കുമെന്ന കാര്യം പ്രവാചകന് ഉറപ്പായി. സംഭവിക്കുമെന്ന് ഉറപ്പുള്ളതിനെ സംഭവിച്ചുകഴിഞ്ഞതായി വർണിക്കുകയാണദ്ദേഹം.

رِجْس എന്നത് رَجس എന്നാകുമ്പോൾ അർഥം ഘോരനാദം എന്നാകുന്നു. ഇവിടെ رجس കൊണ്ട് വിവക്ഷിക്കുന്നത് അതാവാമെന്നും ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. അങ്ങനെയെങ്കിൽ ഘോരനാദത്തോടുകൂടിയ കൊടുങ്കാറ്റിന്റെ രൂപത്തിലാണ് - بِرِيحٍ صَرْصَرٍ عَاتِيَةٍ - ആദ്വംശത്തെ നശിപ്പിച്ചതെന്ന് 69:6-ൽ പ്രസ്താവിച്ചിട്ടുള്ളതിനെയാവാം ഈ പദം സൂചിപ്പിക്കുന്നത്.

തങ്ങളുടെ രക്ഷകർ കുലദൈവങ്ങളാണ്, അവരെ ആരാധിച്ചില്ലെങ്കിലാണ് തങ്ങൾ ശാപത്തിനും ശിക്ഷകൾക്കുമിരയാവുക എന്ന അവരുടെ വാദത്തിനുള്ള മറുപടിയാണീ സൂക്തത്തിന്റെ രണ്ടാം ഖണ്ഡം. നിങ്ങൾ എന്നോട് വഴക്കിനു വരുന്നത് ഏത് ദൈവങ്ങളെച്ചൊല്ലിയാണ്? ആരാണവർ ദൈവങ്ങളാണെന്ന് നിങ്ങളോട് പറഞ്ഞത്? എല്ലാ ദൈവങ്ങൾക്കുംമീതെയുള്ളവനെന്ന് നിങ്ങൾ സമ്മതിക്കുന്ന അല്ലാഹു പറഞ്ഞുവോ? അങ്ങനെ വല്ല വേദപ്രമാണവും അവൻ അവതരിപ്പിച്ചുതന്നിട്ടുണ്ടോ? നിങ്ങൾ ആരാധിക്കുന്നത് ഉപദൈവങ്ങളെയാണെങ്കിൽ ആ ദൈവങ്ങളെ നിയോഗിക്കേണ്ടതും അക്കാര്യം വിളംബരം ചെയ്യേണ്ടതും അവർക്കു മീതെയുള്ള അല്ലാഹുവാണല്ലോ. അ

ങ്ങനെയൊരു പ്രമാണവും അല്ലാഹുവിങ്കൽനിന്ന് വന്നിട്ടില്ലെങ്കിൽ ഉപദൈവങ്ങളെ നിശ്ചയിക്കാൻ മറ്റാർക്കും അവകാശമില്ല; ആ ദൈവങ്ങൾക്കു പോലും എന്നതാണ് യാഥാർഥ്യം. അതിരിക്കട്ടെ, ഈ ദൈവങ്ങളിലാരെങ്കിലും തങ്ങൾ ദൈവമാണെന്ന് നിങ്ങളോട് പറഞ്ഞുവോ? അതും നിങ്ങൾക്ക് തെളിയിക്കാനാവില്ല. അപ്പോൾ കാര്യമിതാണ്: നിങ്ങളുടെ പൂർവികർ കുറേ പേരുകൾ പറഞ്ഞു. അവ ദൈവങ്ങളാണെന്ന് വാദിച്ചു, ആരാധിച്ചു. സത്യത്തിൽ അവക്കൊന്നും ഒരു പൊരുളുമില്ല. നിങ്ങളുടെ മൂർത്തികളൊക്കെയും മിഥ്യയാണ്. നിങ്ങൾ വിളിക്കുന്ന പേരുകളിൽ പണ്ട് ചില മനുഷ്യരോ ജന്തുക്കളോ ഉണ്ടായിരുന്നിരിക്കാം. ആ മനുഷ്യർ നല്ലവരും ആയിരുന്നിരിക്കാം. അവരുമായി നിങ്ങൾക്കോ നിങ്ങളുടെ ആരാധനകൾക്കോ ഒരു ബന്ധവുമില്ല. നിങ്ങളെ അവരറിയുന്നുമില്ല. നിങ്ങൾ പ്രാർഥിക്കുന്നത് ആ പേരുകളിലുള്ള ദൈവങ്ങളെയാണ്. അത്തരം ദൈവങ്ങളില്ലാത്തതുകൊണ്ട്, അവ ഇല്ലാത്ത വസ്തുക്കളുടെ പേരുകൾ മാത്രമാകുന്നു. അതുകൊണ്ട് അവയുടെ പ്രീതിയും കാരുണ്യവും തേടുന്നതും ശാപവും ശിക്ഷയും ഭയപ്പെടുന്നതും മഹാ മൗഢ്യമാകുന്നു. ഇക്കാലത്ത് മനുഷ്യർ രക്ഷതേടുന്ന നാസ്തിക ദർശനങ്ങളുടെ അവസ്ഥയും ഇതുതന്നെയാണ്. മാനവക്ഷേമത്തിനായി ദൈവനിർദിഷ്ടമായ ധർമത്തിനു പകരം അവക്ക് വിപരീതമായി മനുഷ്യർ അവതരിപ്പിക്കുന്ന ഏതു ദർശനവും കേവലം ഭാവനകളാണ്. മനുഷ്യനെ ഇരുട്ടിലേക്കും ദുരന്തത്തിലേക്കും മാത്രമേ അവ നയിക്കൂ.

നീ ശിക്ഷ കൊണ്ടുവരുന്നത് ഞങ്ങളൊന്ന് കാണട്ടെ എന്ന വീരവാദത്തിനുള്ള മറുപടിയാണ് فَٱنتَظِرُوٓاْ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ. ശിക്ഷയിരിക്കുന്നത് എന്റെ കൈകളിലല്ല; അല്ലാഹുവിന്റെ കൈകളിലാണ്. അവനുദ്ദേശിക്കുമ്പോഴാണത് സംഭവിക്കുക. ശിക്ഷ കണ്ടേ വിശ്വസിക്കൂ എങ്കിൽ നിങ്ങൾ കാത്തിരുന്നുകൊള്ളുക. അതിന്റെ കാരണങ്ങൾ നിങ്ങളിൽ പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞാൽ അത് വന്നെത്തുക തന്നെ ചെയ്യും. അതിന്റെ കൃത്യസമയം എനിക്കറിയില്ല. ഞാനും നിങ്ങളെപ്പോലെ കാത്തിരിക്കുകയാണ്.

**72:** فَأَنجَيْنَـٰهُ (അപ്പോൾ നാം അദ്ദേഹത്തെ രക്ഷിച്ചു) എന്നു പറഞ്ഞതിനർഥം ഈ സംവാദം കഴിഞ്ഞതും അല്ലാഹു അവരെ ശിക്ഷിക്കുകയും ഹൂദ് നബിയെ രക്ഷിക്കുകയും ചെയ്തു എന്നല്ല. ഈ വിധത്തിലുള്ള സംവാദവും പ്രബോധനവും വളരെ കാലം തുടർന്നിട്ടും ഒരു ഫലവും കാണാതായപ്പോൾ ഒടുവിൽ അല്ലാഹുവിന്റെ വിധി യാഥാർഥ്യമായി എന്നാണ്. 950 വർഷം പ്രബോധനം ചെയ്ത നൂഹ് നബിയുടെ കാര്യത്തിലും പറഞ്ഞത് فَكَذَّبُوهُ فَأَنجَيْنَـٰهُ (അവരദ്ദേഹത്തെ തള്ളിക്കളഞ്ഞു. അപ്പോൾ നാം അദ്ദേഹത്തെ രക്ഷിച്ചു) എന്നാണ്. അവരുടെ നിഷേധം ഒമ്പതര നൂറ്റാണ്ട് മുമ്പേ തുടങ്ങിയിരുന്നു. നൂഹ് നബിയുടെ പ്രബോധനവും അത്രയും കാലം തുടർന്ന ശേഷമാണ് ശിക്ഷയും രക്ഷയും സംഭവിച്ചത്. അതിനിടക്ക് അവർക്കിടയിൽ എന്തെല്ലാം നടന്നുവോ അതിന്റെയെല്ലാം സാരാംശമാണ് ഖുർആൻ ഉദ്ധരിക്കുന്നത്.

وَقَطَعْنَا دَابِرَ ٱلَّذِينَ كَذَّبُواْ എന്ന വാക്യത്തിന്റെ ആശയം സൂറഃ *അൽഅൻആം* 45-ാം സൂക്തത്തിലെ فَقُطِعَ دَابِرُ ٱلْقَوْمِ ٱلَّذِينَ ظَلَمُواْ എന്ന വാക്യത്തിന്റെ ആശയംതന്നെ. ആ സമൂഹം പിന്മുറക്കാർ അവശേഷിക്കാത്തവിധം ഉന്മൂലനം ചെയ്യപ്പെട്ടു. ഉന്മൂലനം ചെയ്യപ്പെട്ടത് ദൈവിക ദൃഷ്ടാന്തങ്ങൾ തള്ളിക്കളഞ്ഞവരാണ് - ٱلَّذِينَ كَذَّبُواْ بِـَٔايَـٰتِنَا . ദൃഷ്ടാന്തങ്ങളെ അംഗീകരിക്കുകയും പ്രവാചകനെ പിന്തുടരുകയും ചെയ്തവർ രക്ഷപ്പെട്ടു. ഹൂദ് നബിയും ശിഷ്യന്മാരും അല്ലാഹുവിന്റെ നിർദേശാനുസാരം അവിടെനിന്ന് മക്കയിലേക്ക് പലായനം ചെയ്തുവെന്നും അവിടെ വെച്ച് അദ്ദേഹം മരണമടഞ്ഞുവെന്നുമാണ് ഒരു പ്രസ്താവം. ഹൂദ് നബിയും ശിഷ്യന്മാരും പലായനം ചെയ്തത് ഹദ്ർ മൗത്തിലേക്കാണെന്ന് മറ്റൊരു നിവേദനവുമുണ്ട്. ഹൂദ് നബിയുടേത് എന്ന പേരിൽ അവിടെ ഒരു ഖബ്ർ സ്ഥിതിചെയ്യുന്നതിനാൽ ഇതാണ് കൂടുതൽ പ്രബലം. ഹൂദ് നബിയിലൂടെയും ശിഷ്യന്മാരിലൂടെയും ആദ് വംശത്തിന്റെ പിൻഗാമികൾ വർധിച്ചുവെങ്കിലും അവർ മറ്റു പല ഗോത്രങ്ങളിലും ലയിച്ചുചേരുകയും ബന്ധപ്പെട്ട ഗോത്രനാമങ്ങളിൽ അറിയപ്പെടുകയുമായിരുന്നു. ആദ്യ ആദ്‌വംശം നശിച്ച ശേഷം വളർന്നുവന്നവർ പിൽക്കാല ആദ്‌വംശമായിട്ടാണ് അറിയപ്പെടുന്നത്. ഇവരാണ് അറബികളുടെ പൂർവികർ. ഹൂദ് നബിയുടെ ശിഷ്യപരമ്പര ക്ഷേമവും സമാധാനവും നിറഞ്ഞ ഒരു സമുദായമായി വളരെക്കാലം നിലനിന്നതായി കരുതപ്പെടുന്നു. ഈ പ്രദേശത്തെ ഹിസ്നു ഗുറാബ് എന്ന പൗരാണിക കോട്ടയിൽനിന്ന് കണ്ടെടുക്കപ്പെട്ട പുരാതന ലിഖിതം അതിന്റെ കർത്താക്കളുടെ സമാധാനത്തെയും സമൃദ്ധിയെയും കുറിച്ച് പറയുന്നു. ഹൂദ് നബിയുടെ ശിഷ്യന്മാരുടേതാണീ ലിഖിതം എന്ന് കരുതപ്പെടുന്നു.

ആദ് വംശത്തിന്റെ നാശത്തെ സൂറഃ *അൽഹാഖ* 6-8 സൂക്തങ്ങളിൽ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

وَأَمَّا عَادٌ فَأُهْلِكُواْ بِرِيحٍ صَرْصَرٍ عَاتِيَةٍ ﴿٦﴾ سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ
وَثَمَـٰنِيَةَ أَيَّامٍ حُسُومًا فَتَرَى ٱلْقَوْمَ فِيهَا صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ
خَاوِيَةٍ ﴿٧﴾ فَهَلْ تَرَىٰ لَهُم مِّنۢ بَاقِيَةٍ ﴿٨﴾

(ആദ് വംശമോ, കൊടൂരമായി ചീറിയടിക്കുന്ന കൊടുങ്കാറ്റിനാൽ ഉന്മൂലനം ചെയ്യപ്പെട്ടു. തുടർച്ചയായി ഏഴ് രാവും എട്ട് പകലും അതിനെ അവരുടെ മേൽ താണ്ഡവമാടിച്ചു. അന്ന്, ദ്രവിച്ച ഈത്തപ്പനത്തടികളെന്നോണം ആ ജനം ചത്തുവീണു കിടക്കുന്നത് നിനക്കവിടെ കാണാമായിരുന്നു. അവരുടെ വല്ല അവശിഷ്ടവും ഇപ്പോൾ നീ അവിടെ കാണുന്നുണ്ടോ?) സൂറഃ *അൽബഖറ* 19,20 സൂക്തങ്ങളിൽ വർണിക്കുന്നതിങ്ങനെയാണ്:

إِنَّآ أَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِى يَوْمِ نَحْسٍ مُّسْتَمِرٍّ ﴿١٩﴾ تَنزِعُ
ٱلنَّاسَ كَأَنَّهُمْ أَعْجَازُ نَخْلٍ مُّنقَعِرٍ ﴿٢٠﴾

(ഒരു ദുശ്ശകുനം നിറഞ്ഞ ദിവസം നാം അവർക്കു മേൽ ചീറിയടിക്കുന്ന കാറ്റയച്ചു. അത് മനുഷ്യരെ പിഴുതെറിഞ്ഞുകൊണ്ടിരുന്നു; അവർ കടപുഴകിയ ഈത്തപ്പനത്തടികളാണെന്നോണം). ഈ കൊടുങ്കാറ്റ് വൃക്ഷലതാദികളെയും നിർമിതികളെയും എല്ലാം നശിപ്പിച്ച് ആ സ്ഥലം ശൂന്യമായ മരുഭൂമിയാക്കി മാറ്റി. അഹ്ഖാഫ് എന്ന പേരിലാണത് അറിയപ്പെടുന്നത്. ഇന്ന് യമന്റെയും യമാമയുടെയും മധ്യേ, റുബ്ഉൻ ഖാലി മരുഭൂമിയുടെ ദക്ഷിണ ഭാഗത്താണിത്. അഹ്ഖാഫ് എന്നാൽ മണൽക്കൂനകൾ. അവിടവിടെയുള്ള നേർത്ത മണലിന്റെ ഗർത്തങ്ങൾ ഈ പ്രദേശത്തെ മറ്റു മരുഭൂമികളിൽനിന്ന് വ്യത്യസ്തമാക്കുന്നു. ഈ മണൽത്തടങ്ങളിലകപ്പെടുന്നവർ വെള്ളത്തിലെന്നോണം താണുപോകുമത്രെ. അതുകൊണ്ട് സഞ്ചാരികൾക്ക് വലിയ ഭയമാണവയെ. ബദുക്കൾ പോലും അങ്ങോട്ട് പോകാറില്ല. ഒരിക്കൽ ഒരു പട്ടാളക്കാരൻ ധൈര്യമവലംബിച്ച് അതിന്റെ തീരത്ത് ചെന്ന് ഒരു തൂക്കുകട്ടയെറിഞ്ഞപ്പോൾ നിമിഷങ്ങൾക്കകം കട്ടയും അതിൽ ബന്ധിച്ചിരുന്ന നൂലും അപ്രത്യക്ഷമായതായി മൗലാനാ മൗദൂദി ഉദ്ധരിക്കുന്നു. ഇന്ന് ഈ പ്രദേശം കാണുന്നവർക്ക് ഒരു കാലത്ത് പലവിധ വിളകൾ സമൃദ്ധിയായി വിളയിക്കുന്ന ഫലഭൂയിഷ്ടമായ മണ്ണും വമ്പിച്ച നാഗരികതയുടെ ഈറ്റില്ലവുമായിരുന്നുവെന്ന് സങ്കൽപിക്കാൻ പോലും പ്രയാസമാണ്. ■